| പതിനാലാം കേരള നിയമസഭ | |
|---|---|
| ഒന്നാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1369 | 13/07/2016 ൽ മറുപടിക്ക് |
| വിജിലൻസ് അന്വേഷണം | |
| ചോദ്യം | മറുപടി |
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.ഐ.ബി.സതീഷ് | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ യു.ഡി.എഫ്.സർക്കാരിലെ എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; വിശദ വിവരങ്ങൾ നൽകുമോ; | (എ) | 1. മുൻ റവന്യു വകുപ്പ മന്ത്രി ശ്രീ.അടൂർ പ്രകാശ്, മുൻ വ്യവസായ വകുപ്പ മന്ത്രി ശ്രീ.പി.കുഞ്ഞാലിക്കുട്ടി എന്നിവർക്കെതിരെ, എറണാകുളം തൃശ്ശൂർ ജില്ലകളിൽ ഹൈടെക്, ഐ.റ്റി.പാർക്ക് തുടങ്ങുന്നതിന് സ്ഥലം നൽകിയതിൽ ക്രമക്കേടുണ്ടെന്ന് ആരോപിച്ച് ശ്രീ.ഗിരീഷ് ബാബു സി.എം.പി. 102/2016 നമ്പരായി മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഫയൽ ചെയ്ത പരാതിയുടെ അടിസ്ഥാനത്തിൽ വി.സി.05/2016/ എസ്.ഐ.യു.II നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു<br>2. മുൻ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരുന്ന ശ്രീ.അനൂപ് ജേക്കബ്ബ് നടത്തിയ 36.5 കോടി രൂപയുടെ അഴിമതിയെക്കുറിച്ചുള്ള ശ്രീ.വി.ശിവൻകുട്ടി. എം.എൽ.എ.യുടെ 22..02..2016 – ലെ പരാതിയിന്മേൽ ഒരു ത്വരിതാന്വേഷണം (ക്യു.വി. 07/2016/സി.ആർ.ഇ) നടന്നു വരുന്നു.<br>3. പെട്രോളിയം കമ്പനികളുടേതായി കേരളത്തിൽ പമ്പിന് അനുമതി നൽകാതിരിക്കാൻ നടപടി സ്വീകരിക്കുന്നതിനായി നിയമമന്ത്രി ശ്രീ.കെ.എം.മാണിയ്ക്ക് നിലവിലെ പെട്രോൾ പമ്പ് ഉടമകൾ മൂന്നു ലക്ഷം രൂപ കൈക്കൂലിയായി അദ്ദേഹത്തിന്റെ ചേമ്പറിൽ വച്ച് കൈമാറിയെന്ന എൽ.ഡി.എഫ്.കൺവീനറായ ശ്രീ.വൈക്കം വിശ്വന്റെ പരാതിയിന്മേൽ വിജിലൻസ് ഡയറക്ടർ ഉത്തരവിട്ട ത്വരിതാന്വേഷണം (ക്യു.വി.22/2014/എസ്.ഐ.യു.II) നടന്നു വരുന്നു.<br>4. പാനൂർ താലൂക്ക് ആശുപത്രിയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ധന സമാഹരണം സംബന്ധിച്ച് മുൻ കൃഷി വകുപ്പ് മന്ത്രി ശ്രീ.കെ.പി.മോഹനനെതിരെ ശ്രീ.ഇ.മനീഷ്, ബഹുമാനപ്പെട്ട തലശ്ശേരി എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ സി.എം.പി. 12/2016 നമ്പരായി സമർപ്പിച്ച പരാതിയിന്മേൽ ഉത്തരവിട്ട ത്വരിതാന്വേഷണം (ക്യു.വി.07/2016/കെ.എൻ.ആർ.) നടന്നു വരുന്നു.<br>5. യു.ഡി.എഫ്. സർക്കാരിന്റെ ഭരണക്കാലത്ത് എക്സൈസ് വകുപ്പ് മന്ത്രിയായിരുന്ന ശ്രീ.കെ.ബാബുവിനെതിരെ കേരള ബാർ ഹോട്ടൽ അസോസിയേഷനുമായി ചേർന്ന് പുതിയ ബിയർ, |

| | | | |
|---|---|---|---|
| | | | വൈൻപാർലറുകൾ അനുവദിക്കുന്നതിനായി 100 കോടിയോളം രൂപ കൈക്കൂലി വാങ്ങിയെന്നുള്ള ആരോപണത്തിന്മേൽ ഒരു ത്വരിതാന്വേഷണം (ക്യു.വി.15/2016/സി.ആർ.ഇ) നടന്നു വരുന്നു. |
| (ബി) | ആയതിൽ എത്രപേർക്കെതിരെ ത്വരിതാന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; വിശദ വിവരങ്ങൾ നൽകുമോ; | (ബി) | നാല് മന്ത്രിമാർക്കെതിരെ ത്വരിതാന്വേഷണം നടന്നു വരുന്നു.<br>1. മുൻ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരുന്ന ശ്രീ.അനൂപ് ജേക്കബ് നടത്തിയ 36.5 കോടി രൂപയുടെ അഴിമതിയെക്കുറിച്ചുള്ള ശ്രീ.വി.ശിവൻകുട്ടി. എം.എൽ.എ.യുടെ 22..02..2016–ലെ പരാതിയിന്മേൽ ഒരു ത്വരിതാന്വേഷണം (ക്യു.വി. 07/2016/സി.ആർ.ഇ) നടന്നു വരുന്നു<br>2. പെട്രോളിയം കമ്പനികളുടേതായി കേരളത്തിൽ പമ്പിന് അനുമതി നൽകാതിരിക്കാൻ നടപടി സ്വീകരിക്കുന്നതിനായി നിയമമന്ത്രി ശ്രീ.കെ.എം.മാണിയ്ക്ക് നിലവിലെ പെട്രോൾ പമ്പ് ഉടമകൾ മൂന്നു ലക്ഷം രൂപ കൈക്കൂലിയായി അദ്ദേഹത്തിന്റെ ചേബറിൽ വച്ച് കൈമാറിയെന്ന എൽ.ഡി.എഫ്.കൺവീനറായ ശ്രീ.വൈക്കം വിശ്വന്റെ പരാതിയിന്മേൽ വിജിലൻസ് ഡയറക്ടർ ഉത്തരവിട്ട ത്വരിതാന്വേഷണം (ക്യു.വി.22/2014/എസ്.ഐ.യു.II) നടന്നു വരുന്നു.<br>3. പാനൂർ താലൂക്ക് ആശുപത്രിയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ധന സമാഹരണം സംബന്ധിച്ച് മുൻ കൃഷി വകുപ്പ് മന്ത്രി ശ്രീ.കെ.പി.മോഹനനെതിരെ ശ്രീ.ഇ.മനീഷ്, ബഹുമാനപ്പെട്ട തലശ്ശേരി എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ സി.എം.പി. 12/2016 നമ്പരായി സമർപ്പിച്ച പരാതിയിന്മേൽ ഉത്തരവിട്ട ത്വരിതാന്വേഷണം (ക്യു.വി.07/2016/കെ.എൻ.ആർ.) നടന്നു വരുന്നു.<br>4. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് എക്സൈസ് വകുപ്പ് മന്ത്രിയായിരുന്ന ശ്രീ.കെ.ബാബുവിനെതിരെ കേരള ബാർ ഹോട്ടൽ അസോസിയേഷനുമായി ചേർന്ന് പുതിയ ബിയർ, വൈൻ പാർലറുകൾ അനുവദിക്കുന്നതിനായി 100 കോടിയോളം രൂപ കൈക്കൂലി വാങ്ങിയെന്നുള്ള ആരോപണത്തിന്മേൽ ഒരു ത്വരിതാന്വേഷണം (ക്യു.വി.15/2016/സി.ആർ.ഇ) നടന്നു വരുന്നു. |
| (സി) | എൽ.ഡി.എഫ്. സർക്കാർ അന്വേഷണം നടത്തുന്ന എല്ലാ വിജിലൻസ് കേസുകളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സമയബന്ധിതമായി എല്ലാ കേസുകളും അന്വേഷണങ്ങളും പൂർത്തീകരിക്കുന്നതിനായി 04.06.2016 – ലെ 01/2016, 18.06.2016 – ലെ 02/2016 എന്നീ സർക്കുലറുകൾ എല്ലാ ഉദ്യോഗസ്ഥർക്കും നൽകുകയും, അത് മോനിട്ടർ ചെയ്യുന്നതിനായി മോനിട്ടറിംഗ് സെൽ, ഓഫീസ് ഓർഡർ നമ്പർ 08/2016 പ്രകാരം 29..06..2016 - ൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ